പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2510

13.2.2013 ൽ
മറുപടിയ്ക്ക്

## പുതിയ ഐ.ടി. സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവര സാങ്കേതിക രംഗവുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങൾ പുതിയതായി സർക്കാർ തലത്തിൽ ആരംഭിച്ചുവെന്നും ആയത് എവിടെയൊക്കെയെന്നും വെളിപ്പെടുത്തുമോ ;<br><br>ബി) സർക്കാർ തലത്തിലോ സ്വകാര്യ തലത്തിലോ പുതിയ ഐ.ടി. സ്ഥാപനങ്ങൾ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെയെന്ന് വെളിപ്പെടുത്തുമോ ; | (എ) യും (ബി) യും<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.ടി. രംഗത്ത് സർക്കാർ തലത്തിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഇൻഫോപാർക്ക് കൊച്ചിയുടെ രണ്ടാംഘട്ടത്തിൽ 4 ലക്ഷം ചതുരശ്ര അടിയിലുള്ള ഐ.ടി. സമുച്ചയവും ഇൻഫോപാർക്കിന്റെ കൊരട്ടി കാമ്പസിൽ 3.5 ലക്ഷം ചതുരശ്ര അടിയിലുള്ള ബഹുനില ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ പാലായിൽ ഇൻഫോസിറ്റി എന്ന പേരിൽ ഐ.ടി. പാർക്കും IIIT യും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരത്ത് ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. |
| സി) ഐ.ടി. യുമായി ബന്ധപ്പെട്ട് എമർജിംഗ് കേരളയിൽ പുതിയ വ്യവസായ സംരംഭങ്ങൾക്ക് നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ, ആയതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത സംരംഭങ്ങൾ എന്ന് തുടങ്ങുമെന്നും വെളിപ്പെടുത്തുമോ ? | സി) ഉണ്ട്. നിർദ്ദേശങ്ങൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ